# കേരള സർവകലാശാല

നം. പി.ആർ.055/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മനുഷ്യാവകാശങ്ങളും കടമകളും: സൗജന്യ കോഴ്സ്

കേരള സർവകലാശാല നിയമവകുപ്പ് പൂർണമായും സൗജന്യമായി നടത്തുന്ന മനുഷ്യാവകാശങ്ങളും കടമകളും എന്ന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മൂന്ന് മാസം ദൈർഘ്യമുള്ള കോഴ്സിന് പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമാണ് യോഗ്യത. താൽപര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം പത്താംക്ലാസ്, പ്ലസ് ടു, തിരിച്ചറിയൽ രേഖ എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം മാർച്ച് 23-ാം തീയതിക്ക് മുൻപായി കാര്യവട്ടം നിയമവകുപ്പിന്റെ ഓഫീസിൽ എത്തിക്കേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക്- 0471-2308936

### എം.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല മാർച്ച് 30-ന് നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി (പഴയ സ്കീമും സി.ബി.സി.എസ്.എസ് സ്കീമും) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 20 (50 രൂപ പിഴയോടെ മാർച്ച് 22, 250 രൂപ പിഴയോടെ മാർച്ച് 23) വരെ ഫീസടച്ച് അപേക്ഷിക്കാം.

### പരീക്ഷാഭീതി അകറ്റുവാൻ ടെലിഫോൺ കൗൺസലിംഗ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെയും സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ് ലോംഗ് എജ്യുക്കേഷൻ കേരള (സ്കോൾ കേരള)-യുടേയും സംയുക്താഭിമുഖ്യത്തിൽ ഹയർ സെക്കൻഡറി പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടി ടെലിഫോൺ കൗൺസലിംഗ് നൽകുന്നു. പരീക്ഷഭീതി അകറ്റി ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ലക്ഷ്യം. സർവകലാശാല പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം അഞ്ച് മണിവരെ സേവനം ലഭ്യമാണ്. ഫോൺ : 0471 – 2302524

### വനിതാദിനം ആഘോഷിച്ചു

കേരള സർവകലാശാലയിലെ വനിതാ ക്ലബ്, വനിതാ ഫോറം, ഇന്റേർണൽ കംപ്ലയിൻസ് കമ്മിറ്റി എന്നിവ സംയുക്തമായി സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാദിനാഘോഷം പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്തു. ഡോ. ജി.എസ്. ജയശ്രീ (ഡയറക്ടർ, സെന്റർ ഫോർ വിമൻസ് സ്റ്റഡീസ്) അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ 'തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ' കുറിച്ച് പ്രശസ്ത തീയറ്റർ ഡയറക്ടറും സാമൂഹ്യപ്രവർത്തകയുമായ ശ്രീമതി ജെ.ഷൈലജ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ പ്ലാനിംഗ് ഡയറക്ടർ ശ്രീമതി മിനി ഡിജോ കാപ്പൻ, ഡോ. ശോഭ.ബി.നായർ, ഡോ. ശ്രീല രാജ്, ശ്രീമതി കമല കാതൊളി, ഡോ. എസ്.ഗീതകുമാരി, റീന തോമസ് എന്നിവർ സംസാരിച്ചു.




(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)

## ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം.കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷ(കരിയർ റിലേറ്റഡ്)ന്റെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 22,23,24 തീയതികളിൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കരിക്കുലം ഫെയർ-2017

കേരള സർവകലാശാല കരിക്കുലം ഡെവലപ്മെന്റ് സെന്ററിന്റേയും ഐ.ക്യു.എ.സി.യുടേയും ആഭിമുഖ്യത്തിൽ മാർച്ച് 15,16 തീയതികളിൽ കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് 'കരിക്കുലം ഫെയർ-2017' നടത്തുന്നു. കരിക്കുലത്തിലെ പുതുമയാർന്ന സമീപനങ്ങളുടെ പോസ്റ്റർ മാധ്യമത്തിലുള്ള ദൃശ്യാവിഷ്കരണമാണ് കരിക്കുലം ഫെയറിൽ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാ ഭ്യാസത്തിൽ പ്രാവർത്തികമാക്കിയിട്ടുള്ള ഏറ്റവും നല്ല രീതികളോ പരീക്ഷിക്കപ്പെടേണ്ടതായിട്ടുള്ളവയോ അദ്ധ്യാപകർക്ക് ഫെയറിൽ പ്രദർശിപ്പിക്കാവുന്നതാണ്. കരിക്കുലത്തിൽ ആവിഷ്കരിച്ചിട്ടുള്ള നൂതന ആശ യങ്ങൾ പോസ്റ്റർ മാധ്യമത്തിൽ പ്രദർശിപ്പിക്കുന്നതിനാണ് ഫെയറിൽ പ്രാധാ ന്യം നൽകിയിരിക്കുന്നത്. പ്രസ്തുത ഫെയർ പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും. ഇത്തരം ഒരു സംരംഭം കേരള ത്തിൽ ആദ്യമായി കേരള സർവകലാശാലയാണ് തുടക്കമിട്ടിരിക്കുന്നത്. സർവകലാശാലയിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും പ്രമുഖ അധ്യാപകരും ഗവേഷകരും അവരുടെ ആശയങ്ങൾ പോസ്റ്റർ രൂപത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള കരിക്കുലം ഫെയർ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റ് താൽപര്യമുള്ളവർക്കും കാണുന്നതിനായി മാർച്ച് 15,16 തീയതികളിൽ രാവിലെ 10 മണി മുതൽ സർവകലാശാല സെനറ്റ് ഹാളിൽ സൗകര്യമൊരുക്കി യിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല കരിക്കുലം ഡെവലപ്മെന്റ്

സെൻ്റർ ഡയറക്ടർ ഡോ. ആശ ജെ.വി-യെയോ സർവകലാശാല ഇൻ്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ പ്രൊഫ. അച്യുത് ശങ്കറിനെയോ ബന്ധപ്പെടേണ്ടതാണ്.

## ബി.എസ്സി പരീക്ഷ

കേരള സർവകലാശാല നടത്തുന്ന ആറാം സെമസ്റ്റർ ബി.എസ്സി ബോട്ടണി & ബയോടെക്നോളജി (റീ സ്ട്രക്ചേർഡ്), ബയോടെക്നോളജി (വൊക്കേഷണൽ), ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റീ സ്ട്രക്ചേർഡ്) പരീക്ഷകൾ മാർച്ച് 20-ന് തുടങ്ങും. കൊല്ലം ശ്രീനാരായണ കോളേജ്, കടയ്ക്കൽ പി.എം.എസ്.എ കോളേജ് എന്നിവ പരീക്ഷാകേന്ദ്രങ്ങളായിട്ടുള്ളവർ കൊല്ലം യു.ഐ.ടിയിലും മറ്റുള്ളവർ കുറവൻകോണം യു.ഐ.ടിയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് പരീക്ഷ

കേരള സർവകലാശാല മാർച്ച് 17-ന് തുടങ്ങുന്ന മൂന്നാം വർഷ ബി.എ.എം.എസ് പരീക്ഷക്ക് കാട്ടാക്കട പങ്കജകസ്തൂരി ആയുർവ്വേദ മെഡിക്കൽ കോളേജ്, കൊല്ലം പുത്തൂർ എസ്.എൻ ആയുർവ്വേദ മെഡിക്കൽ കോളേജ്, പന്തളം മന്നം ആയുർവ്വേദ മെഡിക്കൽ കോളേജ് എന്നീ സെൻ്ററുകളിലെ വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം ഗവ. ആയുർവ്വേദ കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

## ത്രിദിന അന്താരാഷ്ട്ര സെമിനാർ ആരംഭിച്ചു

ഇന്ത്യയുടെ പണ-ധന നയത്തിലെ മാറുന്ന പ്രവണതകൾ എന്ന വിഷയത്തെ അധികരിച്ച് കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെൻ്റ് ഓഫ് ഇക്കണോമിക്സ് റൂസയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സെമിനാറിൻ്റെ ഉദ്ഘാടനം മാർച്ച് 14-ന് ഉച്ചക്ക് 2 മണിക്ക് സെനറ്റ് ചേംബറിൽ നടന്നു. ജെ.എൻ.യു. എമിറേറ്റസ് പ്രൊഫ.പ്രഭാത് പട്നായിക് ഉദ്ഘാടനം നിർവഹിച്ചു. ജെ.എൻ.യു-വിലെ സക്കീർ ഹുസൈൻ സ്റ്റഡി സെൻ്ററിലെ പ്രൊഫ. സൗമൻ ചതോപധ്യായ മുഖ്യപ്രഭാഷണം നടത്തി. ഇക്കണോമിക്സ് ഡിപ്പാർട്ട്മെൻ്റ് മേധാവി പ്രൊഫ. അബ്ദുൾ സലിം അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ സിദ്ദീഖ് റാബിയത്ത് സ്വാഗതവും അനിത വി നന്ദിയും പറഞ്ഞു.

തിരുവനന്തപുരം.
14.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**